**<u>ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി</u>**

**<u>ഹാജർ : ശ്രീമതി. പ്രീതി തമ്പാൻ, ന്യായാധികാരി</u>**

**<u>2026 മെയ് മാസം 2 തീയ്യതി</u>**

**<u>MC 44/2022</u>**

1. മഞ്ജു, 30 വയസ്സ്
D/o. ഡേവിഡ്,
വെള്ളക്കാകുടിയിൽ വീട്, (KP XX/76)
കണ്ണോത്ത്.പി.ഒ, കോടഞ്ചേരി,
2. മൈജുവൽ ആൻ നീരജ്, 11 വയസ്സ്,
D/o.മഞ്ജു,
വെള്ളക്കാകുടിയിൽ വീട്, (KP XX/76)
കണ്ണോത്ത്.പി.ഒ, കോടഞ്ചേരി,
3. മിഗ്വേൽ, 6 വയസ്സ്,
S/o.മഞ്ജു,
വെള്ളക്കാകുടിയിൽ വീട്, (KP XX/76)
കണ്ണോത്ത്.പി.ഒ, കോടഞ്ചേരി,
(കോടഞ്ചേരി പോലീസ് സ്റ്റേഷൻ പരിധി)

: ഹരജിക്കാർ

(മൈനർമാരായ 2,3 ഹരജിക്കാരെ മാതാവായ ഒന്നാം ഹരജിക്കാരി പ്രതിനിധീകരിക്കുന്നു, സൗകര്യത്തിനായി, ഈ ഹരജിയിൽ ഉടനീളം ഒന്നാം ഹരജിക്കാരിയെ 'ഹരജിക്കാരി' എന്ന് വിശേഷിപ്പിക്കുന്നു." )

*(ശ്രീ. ബിജോയ്.കെ.ഏലിയാസ് &*
*അമൃത ഭാസ്കരൻ(ഹരജിക്കാർ ഭാഗം അഡ്വക്കറ്റ്സ് )*

നീരജ് കുര്യൻ, 39 വയസ്സ്,
S/o. കുര്യൻ,
കോനുക്കുന്നേൽ വീട്,പൂവത്തുംചോല,
കൂരാച്ചുണ്ട്.പി.ഒ, കൊയിലാണ്ടി താലൂക്ക്,
കോഴിക്കോട് ജില്ല.
(കൂരാച്ചുണ്ട് പോലീസ് സ്റ്റേഷൻ പരിധി)

: എതിർകക്ഷി

*(ശ്രീ. വിപിൻ കൃഷ്ണ എതിർകക്ഷി ഭാഗം അഡ്വക്കറ്റ്)*

നടപടിക്രമം : ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005 ലെ 12 വകുപ്പ് പ്രകാരം.

## ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണനിയമം 2005 ലെ 12 വകുപ്പ് പ്രകാരം ഹർജിക്കാരി ബോധിപ്പിച്ച ഹർജിയാണിത്.

2. ഹരജിയുടെ സംക്ഷിപ്ത രൂപം താഴെ പറയും പ്രകാരമാണ്: ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും വിവാഹം വീട്ടുകാർ ആലോചിച്ച് ഉറപ്പിച്ച് ക്രിസ്തീയ ആചാരപ്രകാരം 16.01.2010 തീയതി കൂരാച്ചുണ്ട് സെന്റ് തോമസ് പള്ളിയിൽ വെച്ച് നടന്നിട്ടുള്ളതാണ്. തുടർന്ന് ഹർജിക്കാരിയും എതിർകക്ഷിയും ഭാര്യാഭർത്താക്കന്മാരായി എതിർകക്ഷിയുടെ വീട്ടിൽ താമസിച്ച് വരികയായിരുന്നു. വിവാഹത്തിനു മുൻപ് എതിർകക്ഷി വിദേശത്ത് ദുബായിൽ ഹൗസ് ഡ്രൈവറായി ജോലി ചെയ്തിരുന്നു. വിവാഹത്തെ തുടർന്ന് ഹർജിക്കാരി പഠിച്ച് (DMLC) ലാബ് ടെക്നീഷ്യൻ കോഴ്സ് പാസായിട്ടുള്ളതുമാണ്. പ്രസ്തുത വിവാഹ ബന്ധത്തിൽ ഹർജിക്കാരിക്ക് എതിർകക്ഷിയിൽ നിന്ന് രണ്ടും മൂന്നും ഹർജിക്കാർ ജനിച്ചിട്ടുള്ളതും മൈനർമാരായ രണ്ടു മൂന്നു ഹർജിക്കാർ ഇപ്പോൾ ഹർജിക്കാരിയുടെ സംരക്ഷണയിൽ മാതാവായ ഹർജിക്കാരിയോടൊപ്പം താമസിച്ച് കോടഞ്ചേരി സെന്റ് ജോസഫ് സ്കൂളിൽ രണ്ടാം ഹർജിക്കാരി ആറാം ക്ലാസിലും മൂന്നാം ഹർജിക്കാരൻ ഒന്നാം ക്ലാസിലും പഠിച്ചു വരികയാണ്. വിവാഹസമയത്ത് ഹർജിക്കാരിക്ക് വീട്ടുകാർ നൽകിയ 20 പവൻ സ്വർണാഭരണങ്ങളും 2 ലക്ഷം രൂപയും സൂക്ഷിക്കാനെന്ന വ്യാജേന വിവാഹദിവസം തന്നെ എതിർകക്ഷിയും മാതാപിതാക്കളും കൈക്കലാക്കി. ഇതിൽ അഞ്ച് പവൻ സ്വർണം ബാംഗ്ലൂരിലെ സുഹൃത്തിന് പണം നൽകാനെന്ന പേരിൽ വിവാഹത്തിന്റെ തൊട്ടടുത്ത ദിവസം തന്നെ എതിർകക്ഷി കൊണ്ടുപോയി. തുടർന്ന് പലപ്പോഴായി ഹർജിക്കാരിയുടെ മുഴുവൻ ആഭരണങ്ങളും പണവും എതിർകക്ഷി വാങ്ങി ധൂർത്തടിച്ച് നശിപ്പിക്കുകയും, കൂടാതെ ഹർജിക്കാരിയുടെ മാതാപിതാക്കളിൽ നിന്ന് പലപ്പോഴായി 50,000/- രൂപയോളം കൈപ്പറ്റുകയും ചെയ്തു. ഇതിനുപുറമെ, വിദേശത്ത് ജോലി ചെയ്യുന്ന തനിക്ക് 50 പവനിൽ കൂടുതൽ സ്വർണ്ണമുള്ള ഭാര്യയെ ലഭിക്കുമായിരുന്നു എന്ന് പറഞ്ഞ് കുറഞ്ഞ സ്വർണ്ണത്തിന്റെ പേരിൽ എതിർകക്ഷിയും മാതാപിതാക്കളും ഹർജിക്കാരിയെ നിരന്തരം മാനസികമായി പീഡിപ്പിക്കുകയും ചെയ്തു.

3. മദ്യത്തിനും ലഹരിക്കും അടിമയായ എതിർകക്ഷി, ഹർജിക്കാരിയെ അതിക്രൂരമായ ശാരീരിക-ലൈംഗിക പീഡനങ്ങൾക്ക് ഇരയാക്കിയിരുന്നു. ലഹരി ഉപയോഗിച്ച ശേഷം പ്രകൃതിവിരുദ്ധ ലൈംഗിക വൈകൃതങ്ങൾക്കും ഓറൽ സെക്സിനും നിർബന്ധിക്കുകയും, വിസമ്മതിക്കുമ്പോൾ മുഖത്തടിച്ചും കഴുത്തിന് ഞെക്കിയും മർദ്ദിക്കുകയും ചെയ്യുന്നത് പതിവായിരുന്നു. ഗർഭിണിയായിരുന്ന കാലയളവിൽ പോലും ഹർജിക്കാരിയുടെ സമ്മതമില്ലാതെ നടത്തിയ ലൈംഗിക അതിക്രമങ്ങൾ കാരണം ഇൻഫെക്ഷൻ ഉണ്ടാവുകയും താമരശ്ശേരി ചാവറ ഹോസ്പിറ്റലിൽ ചികിത്സ തേടേണ്ടി വരികയും ചെയ്തു. കൂടാതെ, രണ്ട് പ്രസവങ്ങളുമായി ബന്ധപ്പെട്ട എല്ലാ ആശുപത്രി ചെലവുകളും ഹർജിക്കാരിയുടെ വീട്ടുകാരാണ് വഹിച്ചത്. ലഹരിക്ക് അടിമയായ എതിർകക്ഷി, ഹർജിക്കാരിക്കെതിരെ അടിസ്ഥാനരഹിതമായ പരപുരുഷബന്ധം ആരോപിച്ചും അസഭ്യം പറഞ്ഞും ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നത് പതിവായിരുന്നു. വഴിയിൽ കാലുവെച്ച് വീഴ്ത്തുക, കഴുത്തിന് പിടിച്ചുതള്ളുക, അകാരണമായി മർദ്ദിക്കുക തുടങ്ങിയ വിചിത്രവും ഭയാനകവുമായ ക്രൂരതകൾക്ക് പുറമെ, രണ്ടുതവണ ചൂടുള്ള തേപ്പുപെട്ടി ഉപയോഗിച്ച് ഹർജിക്കാരിയുടെ ഇടതുകൈപ്പത്തിയും കൈത്തണ്ടയും പൊള്ളിക്കുകയും ചെയ്തു. എതിർകക്ഷി ജീവിതച്ചെലവ് നൽകാത്തതിനാൽ ഹർജിക്കാരി ലാബ് ടെക്നീഷ്യനായും പിന്നീട് താമരശ്ശേരി നേത്ര ഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ റിസപ്ഷനിസ്റ്റായും ജോലി ചെയ്താണ് മക്കളെ വളർത്തിയിരുന്നത്. എന്നാൽ ഹർജിക്കാരിയുടെ തുച്ഛമായ ശമ്പളം പോലും എതിർകക്ഷി ഭീഷണിപ്പെടുത്തി കൈക്കലാക്കിയിരുന്നു. 2022 ഏപ്രിൽ 18-ന് ഹർജിക്കാരി ജോലി ചെയ്യുന്ന സ്ഥാപനത്തിൽ വന്ന് പണത്തിനായി പ്രശ്നമുണ്ടാക്കിയ എതിർകക്ഷി, തുടർന്ന് ഹർജിക്കാരിയുടെ വീട്ടിലെത്തി മാതാപിതാക്കളെ അസഭ്യം പറയുകയും മോശമായ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തു. ഹർജിക്കാരിയെ ഭാര്യയായി കൂടെ നിർത്തണമെങ്കിൽ ഒരു ലക്ഷം രൂപ നൽകണമെന്ന് ഭീഷണിപ്പെടുത്തിയ ശേഷം ഹർജിക്കാരിയെ നിർബന്ധപൂർവ്വം അവിടെനിന്നും കൂട്ടിക്കൊണ്ടുപോയി. 2022 ഏപ്രിൽ 21-ന് വീടിന്റെ വാതിലുകൾ അടച്ചുപൂട്ടി ഹർജിക്കാരിയുടെയും മക്കളുടെയും ദേഹത്ത് പെട്രോൾ ഒഴിച്ച് തീവച്ച് കൊല്ലാൻ ശ്രമിച്ച എതിർകക്ഷി, പിറ്റേദിവസം അവരെ വീട്ടിൽ നിന്നും ഇറക്കിവിട്ടു. ഹർജിക്കാരിയുടെയും കുട്ടികളുടെയും വസ്ത്രങ്ങൾ, ആധാർ കാർഡുകൾ, വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ എന്നിവ തടഞ്ഞുവെച്ചായിരുന്നു ഈ നടപടി. ഹർജിക്കാരിയുടെ 20 പവൻ സ്വർണ്ണാഭരണങ്ങളും 2 ലക്ഷം രൂപയും, പിന്നീട് വീട്ടുകാർ നൽകിയ 5 പവൻ സ്വർണ്ണവും മക്കളുടെ ആഭരണങ്ങളും വിശ്വാസവഞ്ചനയിലൂടെ കൈക്കലാക്കി എതിർകക്ഷി ധൂർത്തടിച്ചു. ഈ ക്രൂരമായ ശാരീരിക-മാനസിക പീഡനങ്ങൾക്കും

കൊലപാതക ശ്രമത്തിനുമെതിരെ നൽകിയ പരാതിയിൽ കോടഞ്ചേരി പോലീസ് IPC 498A, 406, 506 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 108/2022 ആയി കേസെടുത്ത് അന്വേഷണം നടത്തിവരികയാണ്.

4. എതിർകക്ഷിയുടെ ക്രിമിനൽ സ്വഭാവവും നിരന്തരമായ കൊലവിളിയും കാരണം ഹർജിക്കാരിയും മക്കളും കടുത്ത ഭീതിയിലാണ്. രണ്ടാം ഹർജിക്കാരി കോടഞ്ചേരി സെന്റ് ജോസഫ് സ്കൂളിൽ ആറാം ക്ലാസിലും മൂന്നാം ഹർജിക്കാരൻ അതേ സ്കൂളിൽ ഒന്നാം ക്ലാസിലും പഠിച്ചു വരികയാണ്. സ്കൂൾ ബസ് ഫീസിനത്തിൽ പ്രതിമാസം 1600/- രൂപയും, പഠനോപകരണങ്ങൾ, ചികിത്സ, പോഷകാഹാരം എന്നിവയ്ക്കായി വലിയൊരു തുകയും മക്കൾക്ക് ആവശ്യമുണ്ട്. ഹർജിക്കാരിക്ക് ജോലിയിൽ നിന്ന് ലഭിക്കുന്ന 13,000/- രൂപ ഈ ചെലവുകൾക്ക് ഒട്ടും പര്യാപ്തമല്ലാത്തതിനാൽ, രണ്ട് മക്കൾക്കുമായി പ്രതിമാസം 8,000/- രൂപ വീതം ജീവിതച്ചെലവ് ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കോടതി സമൻസ് ലഭിച്ചതിലുള്ള വൈരാഗ്യത്താൽ 2022 ഓഗസ്റ്റ് 5-ന് കോടഞ്ചേരി അങ്ങാടിയിൽ വെച്ച് ഹർജിക്കാരിയെയും മക്കളെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും, ഇളയ കുട്ടിയെ ബലമായി തട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്ത എതിർകക്ഷിയുടെ പ്രവർത്തികൾ അതിക്രൂരമായ ഗാർഹിക പീഡനമാണ്. ആയതിനാൽ എതിർകക്ഷിക്കെതിരെ സംരക്ഷണ സാമ്പത്തിക ഉത്തരവുകൾക്കപേക്ഷിച്ചു കൊണ്ടാണ് ഹരജി ബോധിപ്പിച്ചിരിക്കുന്നത്.

5. എതിർകക്ഷിക്കുവേണ്ടി എതിർകക്ഷിയുടെ പവർ ഓഫ് അറ്റോർണി ഹാജരായി ആക്ഷേപം ബോധിപ്പിച്ചു. ഹർജിയെ എതിർത്തുകൊണ്ടും ഹർജിയിലെ ആരോപണങ്ങൾ നിഷേധിച്ചുകൊണ്ടും താഴെ പറയുന്ന വാദങ്ങൾ ഉന്നയിച്ചുകൊണ്ടും എതിർകക്ഷി ആക്ഷേപം ബോധിപ്പിച്ചു.

ഹർജിയിലെ പ്രസ്താവനകളായ ഹർജിക്കാരിയുടെ ഭർത്താവാണ് എതിർകക്ഷി എന്നതും ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും വിവാഹം വീട്ടുകാർ ആലോചിച്ചുറപ്പിച്ച് ക്രിസ്തീയ ആചാരപ്രകാരം നടന്നിട്ടുള്ളതാണെന്നുള്ളതും പ്രസ്തുത വിവാഹ ബന്ധത്തിൽ രണ്ടും മൂന്നും ഹർജിക്കാർ ജനിച്ചിട്ടുള്ളതാണെന്നുള്ളതും മൈനർമാരായ രണ്ടും മൂന്നും ഹർജിക്കാർ ഇപ്പോൾ ഹർജിക്കാരിയുടെ സംരക്ഷണയിൽ ഒന്നാം ഹർജിക്കാരിയോടൊപ്പം കഴിഞ്ഞുവരുന്നതാണെന്നുള്ളതും രണ്ടാം ഹർജിക്കാരി കോടഞ്ചേരി സെന്റ് ജോസഫ് സ്കൂളിൽ മൂന്നാം ക്ലാസിലും, മൂന്നാം ഹർജിക്കാരൻ ഒന്നാം ക്ലാസിലും പഠിച്ചു വരികയാണെന്നും മറ്റുമുള്ള പ്രസ്താവനകൾ ശരിയായിട്ടുള്ളതാണ്. ഹർജിക്കാരി സ്വന്തം ഇഷ്ടപ്രകാരം താമരശ്ശേരി ചുങ്കത്തുള്ള

നേത്രാ ഫൗണ്ടേഷൻ ഹോസ്പിറ്റലിൽ റിസപ്ഷനിസ്റ്റായി ജോലിക്ക് പോകണമെന്ന് നിർബന്ധം പിടിക്കുകയും അതിനുവേണ്ടി ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ജോലിക്ക് പോയിത്തുടങ്ങിയതോടെ ഹർജിക്കാരിയുടെ സ്വഭാവത്തിൽ മാറ്റം വരികയും, എതിർകക്ഷിയെ അനുസരിക്കാതിരിക്കുകയും നിസ്സാര കാര്യങ്ങൾക്ക് പോലും ശാരീരികമായും മാനസികമായും പീഡിപ്പിക്കുകയും അസഭ്യം വിളിക്കുകയും ചെയ്യുന്നത് പതിവായി. എതിർകക്ഷിയുടെ മാതാപിതാക്കളോട് ക്രൂരമായി പെരുമാറുകയും അവർക്കെതിരെ ഏഷണികൾ പറയുകയും ചെയ്തിരുന്ന ഹർജിക്കാരി, തന്റെ ഇഷ്ടത്തിന് വിരുദ്ധമായ കാര്യങ്ങൾ ഉണ്ടാകുമ്പോൾ ആത്മഹത്യാ ഭീഷണി മുഴക്കുമായിരുന്നു. സദാസമയവും മൊബൈൽ ഫോണിൽ ചാറ്റിംഗിൽ ഏർപ്പെട്ടിരുന്ന ഹർജിക്കാരി, 2022 ഏപ്രിൽ 23-ന് സ്വന്തം ഇഷ്ടപ്രകാരം സ്വർണാഭരണങ്ങളും സാധനങ്ങളുമായി കുട്ടികളെയും കൂട്ടി പിണങ്ങിപ്പോവുകയാണ് ചെയ്തത്. യാതൊരു കാരണവുമില്ലാതെ കുട്ടികളെ കാണാനോ കൂടെക്കൊണ്ടുപോകാനോ ഉള്ള അവകാശം ഹർജിക്കാരി ഇപ്പോൾ എതിർകക്ഷിക്ക് നിഷേധിച്ചിരിക്കുകയാണ്. ആയതുകൊണ്ട് തന്നെ ടി ഹർജി തള്ളി ഉത്തരവാകാൻ അപേക്ഷ.

6. ഹരജിക്കാരി PW1 ആയി തെളിവ് നൽകി. Exts.P1 മുതൽ P6 വരെയുള്ള രേഖകൾ തെളിവിൽ സ്വീകരിച്ചു. എതിർകക്ഷിക്കുവേണ്ടി എതിർകക്ഷിയുടെ പവർ ഓഫ് അറ്റോർണിയെ RW1 ആയി വിസ്തരിച്ചു. Exts.D1 രേഖ തെളിവിൽ സ്വീകരിക്കുകയും ചെയ്തു.

7. ഹരജിക്കാരി ഭാഗം അഭിഭാഷകന്റെ വാദം കേട്ട്. എതിർകക്ഷി ഭാഗം അഭിഭാഷകൻ വാദമുഖങ്ങൾ സമർപ്പിച്ചു. .

8. തെളിവുകളിൽ നിന്നും വാദങ്ങളിൽ നിന്നും ഉരുതിരിഞ്ഞ പരിഗണനാവിഷയങ്ങൾ താഴെ പറയും പ്രകാരമാണ് :

1) എതിർകക്ഷി ഹരജിക്കാരിയെ ഗാർഹിക പീഡനത്തിന് ഇരയാക്കിയിട്ടുണ്ടോ ? ഹർജിക്കാരി ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിൻെറ 2(a) വകുപ്പിൽ പറഞ്ഞ പീഡിപ്പിക്കപ്പെട്ട ആൾ എന്ന നിർവ്വചനത്തിൽ വരുന്ന ആളാണോ ?
2) എതിർകക്ഷി ഹർജിക്കാരിയെയും മൈനർമാരായ മക്കളെയും പീഡനങ്ങൾക്കു വിധേയമാക്കുന്നത് തടഞ്ഞ്കൊണ്ടും മൈനർ മാരായ രണ്ടും മൂന്നും ഹർജിക്കാരെ ഒന്നാം ഹർജിക്കാരിയുടെ

കസ്റ്റഡിയിൽ നിന്ന് ബലമായി എടുത്തുകൊണ്ടു പോകുന്നതിൽ നിന്നും അപായപ്പെടുത്തുന്നതിൽ നിന്നും എതിർകക്ഷിയെ നിരോധിച്ചും ഹർജിക്കാരിയും മക്കളും ഇപ്പോൾ താമസിക്കുന്ന KP XX/76 നമ്പർ വീട്ടിൽ എതിർകക്ഷി പ്രവേശിക്കുന്നതും തടഞ്ഞുകൊണ്ട് ഒരു സംരക്ഷണ ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ?

3) ഹർജിക്കാരിയെ വ്യക്തിപരമായോ, വാക്കാലോ, ലിഖിതമായോ മറ്റുവിധത്തിലോ ഭീഷണിപ്പെടുത്തുന്നതിൽ നിന്നും അസഭ്യങ്ങൾ വിളിക്കുന്നതിൽ നിന്നും, അപ്രകാരം വിനിമയം ചെയ്യാൻ ശ്രമിക്കുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ?

4) ഹർജിക്കാരി ഇപ്പോൾ ജോലി ചെയ്യുന്ന നേത്രഫൗണ്ടേഷൻ കണ്ണാശുപത്രിയിലും മക്കൾ പഠിക്കുന്ന സ്കൂളിലും എതിർകക്ഷി പ്രവേശിക്കുന്നതിൽ നിന്നും ഹർജിക്കാരെ ഭീഷണിപ്പെടുത്തുന്നതിൽ നിന്നും, ശല്യപ്പെടുത്തുന്നതിൽ നിന്നും എതിർകക്ഷിയെ നിരോധിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ?

5) ഹർജിക്കാരിക്ക് സംരക്ഷണം നല്കുന്ന ഹർജിക്കാരിയുടെ മാതാപിതാക്കളെയും ബന്ധുക്കളെയും ഭീഷണിപ്പെടുത്തുന്നതിൽ നിന്നും ഉപദ്രവിക്കുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ?

6) എതിർകക്ഷി തടഞ്ഞുവെച്ചിട്ടുള്ള ഒന്നാം ഹർജിക്കാരിയുടെ എസ്.എസ്.എൽ.സി, പ്ലസ് ടു, DMLC സർട്ടിഫിക്കറ്റുകളും, രണ്ടും മൂന്നും ഹർജിക്കാരുടെ ആധാർ കാർഡുകളും ഹർജിക്കാരിക്ക് വിട്ടുനല്കാൻ കല്പിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ?

7) എതിർകക്ഷി എടുത്തുപറ്റിയതായി പറയപ്പെടുന്ന ഹർജിക്കാരിയുടെ 20 പവൻ സ്വർണ്ണാഭരണങ്ങളോ അല്ലെങ്കിൽ ആയതിൻെറ മാർക്കറ്റ് വിലയോ തിരികെ ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ?

8) വിവാഹ സമയത്ത് ഒന്നാം ഹർജിക്കാരിക്ക് നല്കിയിരുന്നതും എതിർകക്ഷി എടുത്തുപറ്റിയതായി പറയപ്പെടുന്ന രണ്ടു ലക്ഷം രൂപയും കൂടാതെ പിന്നീട് പല തവണകളായി എതിർകക്ഷി വാങ്ങിയെടുത്ത

50,000/- രൂപയും സഹിതം 2,50,000/- രൂപ തിരികെ ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ?

9) ഹർജിക്കാരിക്കും മൈനറായ മക്കൾക്കും മാസംപ്രതി 26,000/- രൂപ എതിർകക്ഷിയോട് സംരക്ഷണ ചിലവ് നല്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള ഒരു സാമ്പത്തിക ഉത്തരവിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ?

10) എതിർകക്ഷിയുടെ പീഡനങ്ങൾക്കു വിധേയമായ ഹർജിക്കാരിക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരമായി എതിർകക്ഷിയുടെ പക്കൽ നിന്നും ലഭിക്കാൻ അർഹതയുണ്ടോ?

9. **പരിഗണനാ വിഷയം 1 മുതൽ 3 വരെ** : ഈ പരിഗണനാ വിഷയങ്ങൾ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ സംഷിപ്തതയ്ക്കും സൗകര്യത്തിനും വേണ്ടി ഇവ ഒരുമിച്ച് പരിഗണിക്കാവുന്നതാണ്. ഹരജിക്കാരിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹബന്ധമോ ഗാർഹിക ബന്ധമോ തർക്കിക്കപ്പെട്ടിട്ടില്ല. വിവാഹ ശേഷം ഒരുവീട്ടിൽ താമസിച്ചവരാണ് എന്ന കാര്യവും തർക്കിക്കപ്പെടാത്ത സംഗതിയാണ്.

10. കേസിൽ ആദ്യമായി നിർണ്ണയിക്കേണ്ട ചോദ്യം ഹർജിക്കാരിയും എതിർകക്ഷിയും തമ്മിൽ ഒരു ഗാർഹിക ബന്ധം ഉണ്ടായിരുന്നോ എന്നതാണ്. രണ്ട് ആളുകൾക്കിടയിൽ ഒരു 'ഗാർഹിക ബന്ധം' സ്ഥാപിക്കുന്നതിന്, അവർ ഒരു പങ്കിട്ട വീട്ടിൽ ഒരുമിച്ച് താമസിക്കുകയോ, കൂടാതെ ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം വകുപ്പ് 2(f) ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിരിക്കുകയോ വേണം. എതിർകക്ഷിയും ഹർജിക്കാരിയുമായുള്ള ദാമ്പത്യ ബന്ധം എതിർകക്ഷി നിഷേധിച്ചിട്ടില്ല.

11. വിവാഹശേഷം ഹർജിക്കാരിയും എതിർകക്ഷിയും എതിർ കക്ഷിയുടെ വീട്ടിൽ ഒരുമിച്ച് താമസിച്ചിരുന്നുവെന്ന് ഇരു കക്ഷികളും അംഗീകരിച്ച വസ്തുതയാണ്. ഹർജിക്കാരിയും എതിർകക്ഷിയും തമ്മിൽ ഗാർഹിക ബന്ധം ഉണ്ടായി എന്നതിന് അനുകൂലമായി ഹർജിക്കാരി PW1 ആയി മൊഴി നൽകിയിട്ടുണ്ട്. ആയതിനാൽ ഹർജിക്കാരിയും എതിർകക്ഷിയും തമ്മിലുള്ള ഗാർഹിക ബന്ധം നിസംശയം തെളിയിക്കപ്പെട്ടിരിക്കുന്നു.

12. എതിർകക്ഷിയിൽ നിന്നും ഗാർഹിക പീഡനത്തിന് വിധേയ ആയി എന്ന് ഹരജിക്കാരി PW 1 ആയി തെളിവ് സത്യവാങ്മൂലത്തിലൂടെ മൊഴി നൽകി.

എതിർകക്ഷി സ്വർണ്ണം കുറഞ്ഞതിന്റെ പേരിൽ നിരന്തരം കുത്തുവാക്കുകൾ പറഞ്ഞ് മാനസികമായി പീഡിപ്പിക്കുകയും, മദ്യത്തിനും ലഹരിക്കും അടിമപ്പെട്ട് ക്രൂരമായ ശാരീരിക മർദ്ദനങ്ങൾക്ക് വിധേയയാക്കുകയും, ലൈംഗിക വൈകൃതങ്ങൾക്ക് നിർബന്ധിക്കുകയും വഴങ്ങാത്തപ്പോൾ മുഖത്തടിക്കുകയും കഴുത്തുഞെരിക്കുകയും ചെയ്തതിനൊപ്പം, ഗർഭിണിയായിരുന്ന കാലയളവിൽ പോലും ക്രൂരമായ ലൈംഗിക അതിക്രമങ്ങൾ തുടരുകയും അത് ഇൻഫെക്ഷൻ ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്തു എന്ന് PW1 മൊഴി നൽകി. ചൂടുള്ള തേപ്പുപെട്ടി ഉപയോഗിച്ച് കൈപ്പത്തിയും കൈത്തണ്ടയും പൊള്ളിച്ചു എന്നും, പരപുരുഷ ബന്ധം ആരോപിച്ച് അപമാനിച്ചു എന്നും, ജോലിസ്ഥലത്തും വീട്ടിലും വന്ന് പണം ആവശ്യപ്പെട്ട് ഭീഷണിപ്പെടുത്തി എന്നും PW1 മൊഴി നൽകി. കൂടാതെ, 2022 ഏപ്രിൽ 21-ന് വീടിന്റെ വാതിലുകൾ അടച്ചുപൂട്ടി തന്നെയും മക്കളുടെയും ദേഹത്ത് പെട്രോൾ ഒഴിച്ച് തീവച്ചു കൊല്ലാൻ ശ്രമിച്ചു എന്നും, വീട്ടിൽ നിന്ന് ഇറക്കിവിട്ടു എന്നും, പിന്നീട് പരസ്യമായി വഴിയിൽ തടഞ്ഞുനിർത്തി എന്നും കൊലവിളി നടത്തി കുട്ടികളെ തട്ടിക്കൊണ്ടുപോകും എന്ന് പറഞ്ഞു ഭീഷണിപ്പെടുത്തി എന്നും PW1 മൊഴി നൽകി. എതിർകക്ഷി നടത്തിയ പീഡനവും ആയതുമായി ബന്ധപ്പെട്ട് താൻ കൊടുത്ത പരാതിയും ആയതിൽ രജിസ്റ്റർ ചെയ്ത എഫ് ഐ ആറും ആണ് Ext. P5 എന്നും PW1 മൊഴി നൽകി. ഹരജിക്കാരി ആരോപിക്കും പ്രകാരം യാതൊരു ഗാർഹിക പീഡനവും നടത്തിയിട്ടില്ല എന്ന് RW1 മൊഴി നൽകി. ഹരജിക്കാരി ക്രൂരമായ ഗാർഹിക പീഡനത്തിന് ഇരയായി എന്ന് ഹരജിക്കാരിയുടെ അഭിഭാഷകൻ വാദിച്ചപ്പോൾ അത്തരത്തിൽ യാതൊരു ഗാർഹിക പീഡനവും നടന്നിട്ടില്ല എന്ന് എതിർകക്ഷിയുടെ അഭിഭാഷകൻ സമർപ്പിച്ച വാദമുഖങ്ങളിൽ സമർത്ഥിച്ചു.

13. ഇരുകക്ഷികളുടെയും സമഗ്രമായ മൊഴിപരിശോധനയിൽ, ഹർജിക്കാരിക്ക് എതിർകക്ഷിയിൽ നിന്നും ഗാർഹിക പീഡനം നേരിടേണ്ടി വന്നിട്ടുണ്ട് എന്ന് ഈ കോടതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. പങ്കിട്ട ഭവനത്തിൽ താമസിക്കുന്ന കാലയളവിൽ ഹർജിക്കാരിക്ക് വിവിധതരം ശാരീരിക, മാനസിക, സാമ്പത്തിക, ലൈംഗിക പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നു എന്ന് PW1-ന്റെ മൊഴിയിൽ നിന്നും വ്യക്തമാണ്. ഹർജിക്കാരി നൽകിയ ഈ മൊഴികളെയോ തെളിവുകളെയോ അവിശ്വസനീയമാണെന്ന് സ്ഥാപിക്കാനോ ഹർജിക്കാരിയുടെ വിശ്വാസ്യത ചോദ്യം ചെയ്യാനോ ഉതകുന്ന യാതൊന്നും തന്നെ എതിർകക്ഷിക്ക് വിസ്താരവേളയിൽ പുറത്തുകൊണ്ടുവരാൻ സാധിച്ചിട്ടില്ല. വിവാഹശേഷം ഭർതൃവീട്ടിൽ സ്വർണ്ണം കുറഞ്ഞു പോയതിന്റെ പേരിലും സൗന്ദര്യത്തിന്റെ പേരിലും

പരപുരുഷ ബന്ധം ആരോപിച്ചും മാനസിക പീഡനങ്ങളും, പ്രസവസമയത്തും പിന്നീടും യാതൊരു ചെലവും നൽകാതിരിക്കൽ എന്നിവയിലൂടെയുള്ള സാമ്പത്തിക പീഡനവും, ക്രൂരമായ ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാക്കിയത് വഴിയുള്ള ലൈംഗിക പീഡനവും, തേപ്പുപെട്ടി ഉപയോഗിച്ച് പൊള്ളിച്ചും, മർദ്ദിച്ചും ശാരീരിക പീഡനങ്ങളും ഉണ്ടായിട്ടുണ്ട്. കൂടാതെ, എതിർകക്ഷി ഹരജിക്കാരിയെ പരസ്യമായി വഴിയിൽ തടഞ്ഞുനിർത്തി കൊലവിളി നടത്തി കുട്ടികളെ തട്ടിക്കൊണ്ടുപോകും എന്ന് ഭീഷണിപ്പെടുത്തി മാനസിക പീഡനം ഏല്പിച്ചു എന്നും വ്യക്തമാണ്. അതിനാൽ, ഹരജിക്കാരിക്ക് നേരിടേണ്ടിവന്ന ഈ ക്രൂരമായ പെരുമാറ്റങ്ങളും സാമ്പത്തിക അവഗണനയും ശാരീരിക ഉപദ്രവങ്ങളും ഒരുമിച്ച് പരിഗണിക്കുമ്പോൾ, ഹർജിക്കാർക്ക് നേരെ ഗാർഹിക പീഡനം ഉണ്ടായിട്ടുണ്ട് എന്ന് കാണാൻ സാധിക്കും. ആയതിനാൽ ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിൽ പറയുന്ന ഗാർഹിക പീഡനത്തിന് ഹരജിക്കാരി വിധേയയായിട്ടുണ്ടെന്നു ഈ കോടതി കണ്ടെത്തിയിരിക്കുന്നു. അതിനാൽ, ഈ വിഷയങ്ങൾ ഹരജിക്കാരിക്ക് അനുകൂലമായി വിധിക്കുന്നു.

14. **പരിഗണനാ വിഷയം 4 :** ഹർജിക്കാരി ഇപ്പോൾ ജോലി ചെയ്യുന്ന നേത്രഫൗണ്ടേഷൻ കണ്ണാശുപത്രിയിലും മക്കൾ പഠിക്കുന്ന സ്കൂളിലും എതിർകക്ഷി പ്രവേശിക്കുന്നതിൽ നിന്നും ഹർജിക്കാരെ ഭീഷണിപ്പെടുത്തുന്നതിൽ നിന്നും, ശല്യപ്പെടുത്തുന്നതിൽ നിന്നും എതിർകക്ഷിയെ നിരോധിച്ചുകൊണ്ട് ഒരു ഉത്തരവിന് അപേക്ഷിച്ചിട്ടുണ്ട്. ഹരജിക്കാരിയെ എതിർകക്ഷി ഗാർഹിക പീഡനത്തിന് വിധേയ ആക്കി എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഹരജിക്കാരി ഇപ്പോൾ ജോലി ചെയ്യുന്ന നേത്രഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ എതിർകക്ഷി പ്രവേശിക്കുന്നതിൽ നിന്നും ഹരജിക്കാരിയെ ഭീഷണിപ്പെടുത്തുന്നതിൽ നിന്നും, ശല്യപ്പെടുത്തുന്നതിൽ നിന്നും എതിർകക്ഷിയെ നിരോധിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹരജിക്കാരിക്ക് അർഹതയുണ്ട്. എന്നാൽ ഒരു പിതാവെന്ന നിലയിൽ രണ്ടും മൂന്നും ഹർജിക്കാർ പഠിക്കുന്ന സ്കൂളിൽ എതിർകക്ഷി പ്രവേശിക്കുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കേണ്ട സാഹചര്യം നിലവിൽ ഇല്ല. അത്തരത്തിൽ എതിർകക്ഷി രണ്ടും മൂന്നും ഹർജിക്കാർ പഠിക്കുന്ന സ്കൂളിൽ പോയി പ്രശ്നം സൃഷ്ടിച്ചതായി ഹർജിയിലോ, എതിർ സത്യവാങ്മൂലത്തിലോ കാണാൻ സാധിക്കില്ല. ആയതിനാൽ, ഈ വിഷയം ഭാഗികമായി അനുവദിക്കുന്നു.

15. **പരിഗണനാ വിഷയം 5 :** ഹർജിക്കാരിക്ക് സംരക്ഷണം നല്കുന്ന ഹർജിക്കാരിയുടെ മാതാപിതാക്കളെയും ബന്ധുക്കളെയും ഭീഷണിപ്പെടുത്തുന്നതിൽ നിന്നും ഉപദ്രവിക്കുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ട് ഒരു ഉത്തരവ് ലഭിക്കണം എന്നതാണ് ഹരജിയിലെ മറ്റൊരു അപേക്ഷ. ഹരജിക്കാരിയെ എതിർകക്ഷി ഗാർഹിക പീഡനത്തിന് വിധേയ ആക്കി തെളിയിക്കപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഹരജിക്കാരിയെ സംരക്ഷിക്കുന്ന മാതാപിതാക്കളെയും ബന്ധുക്കളെയും ഭീഷണിപ്പെടുത്തുന്നതിൽ നിന്നും ഉപദ്രവിക്കുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹരജിക്കാരിക്ക് അർഹതയുണ്ട്. ആയതിനാൽ, ഈ വിഷയം ഹരജിക്കാരിക്ക് അനുകൂലമായി വിധിക്കുന്നു.

16. **പരിഗണനാ വിഷയം 6 :** എതിർകക്ഷി തടഞ്ഞുവെച്ചിട്ടുള്ള ഹർജിക്കാരിയുടെ എസ്.എസ്.എൽ.സി, പ്ലസ് ടു, DMLC സർട്ടിഫിക്കറ്റുകളും, രണ്ടും മൂന്നും ഹർജിക്കാരുടെ ആധാർ കാർഡുകളും ഹർജിക്കാരിക്ക് വിട്ടുനല്കാൻ കല്പിച്ചുകൊണ്ട് ഒരു ഉത്തരവിന് അപേക്ഷിച്ചിട്ടുണ്ട്. 22.4.2022 ന് തന്റെയോ കുട്ടികളുടെയോ വസ്ത്രങ്ങൾ പോലും എടുക്കാൻ അനുവദിക്കാതെയും തന്റെയും കുട്ടികളുടെയും ആധാർ കാർഡും തന്റെ എസ്എസ്എൽസി, പ്ലസ് ടു, ഡിഎംഎൽസി സർട്ടിഫിക്കറ്റുകളുമടക്കം എല്ലാം തടഞ്ഞുവെച്ചും ആണ് എതിർകക്ഷി തന്നെയും മക്കളെയും ഇറക്കിവിട്ടതെന്ന് PW1 മൊഴി നൽകി. സർട്ടിഫിക്കറ്റുകൾ തങ്ങളുടെ കൈവശം ഇല്ല എന്ന് RW1 എതിർവിസ്താരിച്ചപ്പോൾ മൊഴി പറഞ്ഞതായും കാണാം. ഇരുകൂട്ടരും തങ്ങളുടെ കൈവശം സർട്ടിഫിക്കറ്റുകളും ആധാർ കാർഡും ഇല്ലാ എന്നാണ് മൊഴി നല്കിയിരിക്കുന്നത്. PW1 ന്റെ മൊഴി അല്ലാതെ, പ്രസ്തുത രേഖകൾ എതിർകക്ഷിയുടെ കൈവശം ആണെന്ന് തെളിയിക്കുന്ന മറ്റ് സാഹചര്യതെളിവുകളോ സ്വതന്ത്ര സാക്ഷിമൊഴികളോ ഹാജരാക്കിയിട്ടില്ല. RW1 തന്റെ വിസ്താരവേളയിൽ പ്രസ്തുത രേഖകൾ തങ്ങളുടെ പക്കലില്ലെന്ന് അസന്ദിഗ്ദ്ധമായി മൊഴി നൽകിയിട്ടുള്ള സാഹചര്യത്തിൽ, കേവലമായ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അവ വിട്ടുനൽകാൻ ഉത്തരവിടുന്നത് നിയമപരമായി നിലനിൽക്കില്ല. രേഖകൾ എതിർകക്ഷിയുടെ പക്കലുണ്ടെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടാത്ത പക്ഷം, അവ ഹാജരാക്കാൻ നിർബന്ധിക്കുന്നത് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയാത്തതും ആയതിനാൽ, വിശ്വസനീയമായ തെളിവുകളുടെ അഭാവത്തിൽ ഈ വിഷയത്തിൽ അനുകൂലമായ ഉത്തരവ് പുറപ്പെടുവിക്കാൻ സാധ്യമല്ല. ആയതിനാൽ. ഈ വിഷയം ഹരജിക്കാരിക്ക് എതിരായി വിധിക്കുന്നു.

17. **പരിഗണനാ വിഷയം 7 :** എതിർകക്ഷി എടുത്തുപറ്റിയതായി പറയപ്പെടുന്ന ഹർജിക്കാരിയുടെ 20 പവൻ സ്വർണ്ണാഭരണങ്ങളോ അല്ലെങ്കിൽ ആയതിൻെറ മാർക്കറ്റ് വിലയോ തിരികെ ലഭിക്കണം എന്നതാണ് ഹരജിയിലെ മറ്റൊരു അപേക്ഷ. സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ്, ഭർത്താവിനോ കുടുംബാംഗങ്ങൾക്കോ സ്വർണ്ണം നൽകിയതോ ഏൽപ്പിച്ചതോ അല്ലെങ്കിൽ അവർ സ്വർണ്ണം ദുരുപയോഗം ചെയ്തുവെന്ന വാദമുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട് സവിശേഷമായ തെളിവുകൾ ഹർജിഭാഗം ഹാജരാക്കേണ്ടതായിട്ടുണ്ട്. വിവാഹശേഷം സ്വർണ്ണാഭരണങ്ങൾ ഭർത്താവിനെയോ ഭർത്താവിന്റെ മാതാപിതാക്കളെയോ ഏൽപ്പിച്ചുവെന്ന് തെളിയിക്കുന്നതിന് ഭാര്യയുടെ ഭാഗത്തുനിന്ന് മതിയായ തെളിവുകൾ ഇല്ലാത്തപക്ഷം, പ്രസ്തുത ആഭരണങ്ങൾ തിരികെ നൽകാൻ ഭർത്താവ് ബാധ്യസ്ഥനല്ല എന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് **അബൂബക്കർ ലബ്ബ vs. ഷമീന കെ.ബി (2018 (3) KHC 219)** എന്ന വിധിന്യായത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ആഭരണങ്ങൾ അവർക്ക് നേരിട്ട് കൈമാറിയിട്ടുണ്ടെന്ന് കൃത്യമായ വാദമുഖങ്ങളിലൂടെയും തെളിവുകളിലൂടെയും ഹർജിക്കാരി സ്ഥാപിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം കേവലം അനുമാനങ്ങളുടെയോ നിഗമനങ്ങളുടെയോ അടിസ്ഥാനത്തിൽ ഇത്തരമൊരു വിശ്വാസപൂർവ്വമായ ഏൽപ്പിക്കൽ നടന്നതായി കണക്കാക്കാൻ സാധ്യമല്ല എന്ന് **ബിനിത vs. ഹരീന്ദ്രൻ (2023 KHC Online 99)**, **ബിനോദ് vs. സോണി (2019 KHC 5624)**, **മോഹൻദാസ് vs. സുനിത (2024 (7) KHC 273)** എന്ന വിധിന്യായങ്ങളിലും ആവർത്തിച്ചിട്ടുണ്ട്.

18. കൂടാതെ, **ലീലാമ്മ എൻ. പി. vs. എം. എ. മോണി [2017 (3) KHC 340]** എന്ന കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചതുപ്രകാരം, സ്വർണ്ണാഭരണങ്ങൾ ഭാര്യ ഭർത്താവിനെ ഏൽപ്പിച്ചുവെന്ന് ഒരിക്കൽ തെളിയിക്കപ്പെട്ടുകഴിഞ്ഞാൽ, പിന്നീട് ആ ആഭരണങ്ങൾക്ക് എന്ത് സംഭവിച്ചു എന്ന് തെളിയിക്കാനുള്ള ബാധ്യത ഭർത്താവിനാണ്. ബഹുമാനപ്പെട്ട ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചതുപ്രകാരം, സ്വർണ്ണാഭരണങ്ങൾ ഭാര്യ ഭർത്താവിനെ ഏൽപ്പിച്ചുവെന്ന വസ്തുത ഒരിക്കൽ തെളിയിക്കപ്പെട്ടുകഴിഞ്ഞാൽ മാത്രമേ അത് തിരികെ ലഭിക്കുന്നതിനായി ഹർജിക്കാരിക്ക് അവകാശവാദം ഉന്നയിക്കാൻ സാധിക്കുകയുള്ളൂ.

19. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായങ്ങളിൽ പ്രസ്താവിച്ചതുപോലെ ഹർജിക്കാരി സ്വർണ്ണാഭരണങ്ങൾ എതിർകക്ഷിയെ ഏൽ പ്പിച്ചു എന്ന് ഹർജിക്കാരി തെളിയിക്കേണ്ടതാണ്. വിവാഹസമയത്ത് തനിക്ക് 20 പവൻ സ്വർണ്ണാഭരണങ്ങൾ ഉണ്ടായിരുന്നുവെന്നും അത് എതിർകക്ഷി

വിവാഹത്തിൻറെ അന്നേദിവസം തന്നെ വാങ്ങി എന്നും പിന്നീട് പലപല ആവശ്യങ്ങൾക്കായി അവ എടുത്ത് ധൂർത്തടിച്ചു എന്നും തന്റെ വീട്ടുകാർ വാങ്ങി നൽകിയ അഞ്ച് പവനോളം സ്വർണ്ണാഭരണങ്ങളും കൂടാതെ രണ്ടും മൂന്നും ഹർജിക്കാർക്ക് തന്റെ വീട്ടുകാർ നൽകിയ സ്വർണാഭരണങ്ങളും എതിർകക്ഷിയെടുത്ത് ധൂർത്തടിച്ച് നശിപ്പിച്ചു എന്നും PW1 മൊഴി നൽകി. വിവാഹ സമയം ഹർജിക്കാരിക്ക് കുറച്ചു സ്വർണ്ണമാണുണ്ടായിരുന്നത് എന്നും എന്നാൽ സ്വർണ്ണം താൻ തൂക്കി നോക്കിയിട്ടില്ല എന്നും RW1 മൊഴി നൽകി. ഹർജിക്കാരിയുടെ സ്വർണാഭരണങ്ങൾ തെളിയിക്കുന്നതിനായി Ext.P4 സീരീസ് ഫോട്ടോകൾ തെളിവിലേക്കായി മാർക്ക് ചെയ്തു. Ext.P4 സീരീസ് ഫോട്ടോകൾ നിയമപരമായ രീതിയിൽ തെളിയിക്കപ്പെട്ടിട്ടില്ലെന്ന് എതിർഭാഗം വാദിച്ചിരുന്നുവെങ്കിലും, വിസ്താരവേളയിൽ എതിർകക്ഷി ഈ ഫോട്ടോകളെ ആധാരമാക്കി ഹരജിക്കാരിയെ ചോദ്യം ചെയ്ത സാഹചര്യത്തിൽ പ്രസ്തുത രേഖ തെളിവായി സ്വീകരിച്ചു. ആഭരണങ്ങൾ വാങ്ങി എന്ന് കാണിക്കുന്ന ബില്ല് ഹാജരാക്കാൻ ഹർജിക്കാരിക്ക് സാധിച്ചിട്ടില്ല. വിവാഹദിവസം അണിഞ്ഞ ആഭരണങ്ങളിൽ സ്വർണ്ണമല്ലാത്തവയും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഹർജിക്കാരി തന്നെ എതിർ വിസ്താരത്തിൽ സമ്മതിച്ചിട്ടുണ്ട്. ആഭരണങ്ങളുടെ വിവരണത്തിൽ കല്ല് വെച്ച് മോതിരവും കരിമണിമാലയും ഉണ്ടായിരുന്നു എന്നും കല്ല് വെച്ച മാല വിവാഹ സമയത്ത് അണിഞ്ഞതായി Ext. P4 സീരിസിൽ കാണുന്നില്ല എന്നും ഹർജിക്കാരി എതിർവിസ്തരിച്ചപ്പോൾ മൊഴി നൽകി.

20. വിവാഹസമയത്ത് ഹർജിക്കാരി അണിഞ്ഞിരുന്നവയിൽ മുക്കുപണ്ടം ഉണ്ടായിരുന്നു എന്ന് ഹർജിക്കാരി തന്നെ മൊഴി നൽകിയിട്ടുള്ളതും, എന്നാൽ ഈ വസ്തുത ഹർജിയിലോ സത്യവാങ്മൂലത്തിലോ വെളിപ്പെടുത്താതെ മറച്ചുവെച്ചതും ഹർജിക്കാരിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നതാണ്. വിവാഹദിവസം 4 സ്വർണ്ണവളകൾ മാത്രമാണ് ഉണ്ടായിരുന്നതെന്ന് പറയുമ്പോഴും ഹാജരാക്കിയ Ext.P4 സീരീസ് ഫോട്ടോകളിൽ അതിലധികം വളകൾ കാണപ്പെടുന്നുണ്ട്; ഇവ മുക്കുപണ്ടങ്ങളാണെന്ന് വ്യക്തമാകുന്ന സാഹചര്യത്തിൽ സ്വർണ്ണത്തിന്റെ അളവിനെ സംബന്ധിച്ച ഹർജിക്കാരിയുടെ വാദങ്ങൾ പരസ്പരവിരുദ്ധമാണ്. സ്വർണ്ണാഭരണങ്ങൾ മുഴുവൻ വിവാഹദിവസം തന്നെ എതിർകക്ഷിയെ ഏൽപ്പിച്ചു എന്ന ഹർജിക്കാരിയുടെ വാദത്തിന് വിരുദ്ധമായി, വിവാഹശേഷം മാലയും വളകളും മോതിരവും കൊലുസും ധരിച്ചുകൊണ്ടാണ് താൻ സ്വന്തം വീട്ടിലേക്ക് പോയതെന്ന് ഹർജിക്കാരി തന്നെ സമ്മതിച്ചിട്ടുള്ളതാണ്. സ്വർണ്ണമെല്ലാം എതിർകക്ഷിയുടെ പക്കലാണെന്നിരിക്കെ, ഹർജിക്കാരിക്ക് പിന്നീട് ആഭരണങ്ങൾ എങ്ങനെ ധരിക്കാൻ സാധിച്ചു എന്നത്

ഹർജിയിലെ ഏൽപ്പിച്ചു കൊടുക്കൽ എന്ന പ്രാഥമിക വാദത്തെ തന്നെ ദുർബലപ്പെടുത്തുന്നു. സ്വർണ്ണം കൈമാറിയതിനെ സംബന്ധിച്ച മൊഴികളിലെ ഈ വൈരുദ്ധ്യം ഹർജിക്കാരിയുടെ ആകെ മൊഴിയുടെ വിശ്വാസ്യതയെ തകർക്കുന്നതാണ്.പിന്നീട് സ്വന്തം മാതാപിതാക്കൾ 5 പവൻ സ്വർണ്ണം വാങ്ങി നല്കി എന്ന് പറഞ്ഞു എന്നല്ലാതെ ആയതിനെപറ്റി ഹർജിക്കാരിയുടെ വാമൊഴി അല്ലാതെ അത് എന്നാണ് വാങ്ങി നല്കിയതെന്നോ, ആയതിൻെറ മറ്റ് തെളിവുകൾ ഒന്നും കോടതിയിൽ ഹാജരാക്കാൻ ഹർജിക്കാരിക്ക് സാധിച്ചിട്ടില്ല.

21. 20 പവൻ ആഭരണങ്ങൾ വാങ്ങിയതിനെ സംബന്ധിച്ചോ അതിന്റെ തൂക്കത്തെ സംബന്ധിച്ചോ ഉള്ള യാതൊരുവിധ ബില്ലുകളോ വിശ്വസനീയമായ രേഖകളോ കോടതി മുൻപാകെ ഹർജിക്കാരി ഹാജരാക്കിയിട്ടില്ല. ഹർജിക്കാരി എതിർകക്ഷിയെ സ്വർണ്ണം ഏൽപ്പിച്ചിരുന്നു എന്നതിനോ സ്വർണ്ണം എതിർകക്ഷി ദുരുപയോഗം ചെയ്തു എന്നതിനെ സംബന്ധിച്ചോ സ്പഷ്ടമായ തെളിവുകൾ കോടതി മുൻപാകെ ലഭ്യമല്ല. കേവലം വാക്കാൽ സമർപ്പിച്ച മൊഴികൾക്കപ്പുറം ഹർജിക്കാരിക്ക് എത്ര സ്വർണ്ണാഭരണങ്ങൾ ഉണ്ടായിരുന്നു എന്നോ അവ എതിർകക്ഷിയോ അദ്ദേഹത്തിന്റെ വീട്ടുകാരോ കൈക്കലാക്കിയെന്നോ സൂചിപ്പിക്കുന്ന പര്യാപ്തമായ തെളിവുകൾ ഒന്നുംതന്നെ ഹാജരാക്കാൻ ഹർജിക്കാരിക്ക് സാധിച്ചിട്ടില്ല. കൂടാതെ, ഹർജിക്കാരിയുടെ മൊഴിയെ ശരിവെക്കുന്ന തരത്തിൽ മറ്റു സ്വതന്ത്ര സാക്ഷികളെ ആരെയും വിസ്തരിച്ചിട്ടില്ല. വസ്തുതാപരമായ തെളിവുകളുടെയും രേഖകളുടെയും അഭാവത്തിൽ, കേവലം ഹർജിക്കാരിയുടെ വാമൊഴി മാത്രം അടിസ്ഥാനമാക്കി സ്വർണ്ണാഭരണങ്ങൾ തിരികെ നൽകാൻ ഉത്തരവിടുന്നത് നിയമപരമായി നിലനിൽക്കില്ല. ആയതിനാൽ പ്രസ്തുത വിഷയം നിരസിച്ചുകൊണ്ട് ഹരജിക്കാരിക്ക് എതിരായി വിധിക്കുന്നു.

22. **പരിഗണനാ വിഷയം 8** : വിവാഹ സമയത്ത് ഒന്നാം ഹർജിക്കാരിക്ക് നല്കിയിരുന്നതും എതിർകക്ഷി എടുത്തുപറ്റിയതായി പറയപ്പെടുന്ന രണ്ടു ലക്ഷം രൂപയും കൂടാതെ പിന്നീട് പല തവണകളായി എതിർകക്ഷി വാങ്ങിയെടുത്ത 50,000/- രൂപയും സഹിതം 2,50,000/- രൂപ തിരികെ ആവശ്യപ്പെട്ടിട്ടുണ്ട്. തന്റെ വീട്ടുകാർ വിവാഹത്തിന് നൽകിയ രണ്ട് ലക്ഷം രൂപയും എതിർകക്ഷി ധൂർത്തടിച്ചു നശിപ്പിച്ചു എന്നും പിന്നീട് പലതവണകളായി ഓരോരോ ആവശ്യങ്ങൾ പറഞ്ഞ് എതിർകക്ഷി പണമായി 50,000/- രൂപയോളം തന്റെ മാതാപിതാക്കളിൽ നിന്നും വാങ്ങിയിട്ടുണ്ട് എന്നും PW1 മൊഴി നൽകി. എന്നാൽ RW1 അത് നിഷേധിച്ചു.

23. പണം കൈമാറിയ തീയതിയെക്കുറിച്ച് വ്യക്തതയില്ലാത്തതും, ലോൺ

വഴിയാണ് പണം സമാഹരിച്ചതെന്ന് പറഞ്ഞിട്ടും അതുമായി ബന്ധപ്പെട്ട രേഖകളോ ബാങ്ക് സ്റ്റേറ്റ്മെന്റുകളോ ഹാജരാക്കാത്തതും ഹർജിക്കാരിയുടെ വാദത്തെ ദുർബലപ്പെടുത്തുന്നു. കൂടാതെ, 50,000/- രൂപ എന്ന തുക എപ്പോഴാണ് നൽകിയത് എന്നതിനെ സംബന്ധിച്ചോ വ്യക്തമായ തെളിവുകൾ ഹാജരാക്കാൻ ഹർജിക്കാരിക്ക് സാധിച്ചിട്ടില്ല. പണമിടപാട് നടന്നതായി പറയുന്ന സമയത്ത് ഒപ്പമുണ്ടായിരുന്ന മാതാപിതാക്കളെയോ മറ്റ് സാക്ഷികളെയോ വിസ്തരിക്കാത്തതും ഈ ആവശ്യത്തിന് ആധാരമായ തെളിവുകളുടെ അഭാവമായി കോടതി വിലയിരുത്തുന്നു. എതിർകക്ഷി പണമിടപാട് പൂർണ്ണമായും നിഷേധിച്ചിട്ടുള്ള സാഹചര്യത്തിൽ, കേവലം വാക്കാലുള്ള മൊഴിയല്ലാതെ സാമ്പത്തിക ശേഷി തെളിയിക്കുന്ന മറ്റ് തെളിവുകളൊന്നും ഹാജരാക്കാത്തതിനാൽ ഈ ആവശ്യം കോടതി തള്ളിക്കളയുന്നു. ആയതിനാൽ, ഈ വിഷയം ഹരജിക്കാരിക്ക് എതിരായി വിധിക്കുന്നു.

24. **പരിഗണനാ വിഷയം 9** : ഹരജിക്കാർക്ക് ചിലവിലേക്കായി പ്രതിമാസം 26,000/- (ഇരുപത്തി ആറായിരം) രൂപ ചിലവിന് നല്കാൻ എതിർകക്ഷിയോട് കല്പിച്ചുള്ള ഉത്തരവ് ഉണ്ടാകണമെന്നതാണ് ഹർജിയിലെ മറ്റൊരു അപേക്ഷ. ആയതു നിർണയിക്കുന്നതിനായി ഹർജിക്കാരിയും എതിർകക്ഷിയും കോടതി മുൻപാകെ ബോധിപ്പിച്ച ആസ്തി- ബാദ്ധ്യത വിവരങ്ങൾ അടങ്ങിയ സത്യവാങ്മൂലവും മറ്റു അനുബന്ധ തെളിവുകളും കോടതി വിശദമായി പരിശോധിച്ചു.

25. ഹരജിക്കാരി കോടതിയിൽ ഹാജരാക്കിയിട്ടുള്ള ആസ്തി ബാധ്യത സത്യവാങ്മൂലം പരിശോധിച്ചാൽ ഹരജിക്കാരി നേത്രഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ റിസെപ്ഷനിസ്റ് ആയി ജോലി ചെയ്യുന്നുണ്ട് എന്നും പ്രതിമാസം 13,000/- രൂപ ശമ്പളം ലഭിക്കുന്നുണ്ട് എന്നും എതിർകക്ഷി വിദേശത്തു ഹെവി വെഹിക്കിൾ ഡ്രൈവർ ആയി ജോലി ചെയ്യുന്നുണ്ട് എന്നും പ്രതിമാസം 50,000/- രൂപ വരുമാനം ഉണ്ട് എന്നും കാണാൻ സാധിക്കും. എന്നാൽ എതിർകക്ഷി ഹാജരാക്കിയിട്ടുള്ള സത്യവാങ്മൂലം പരിശോധിച്ചാൽ എതിർകക്ഷിക്ക് ടെന്നീസ് എൽബോ രോഗം പിടിപെട്ട് ജോലി എടുക്കുവാൻ സാധിക്കാതെ വിദേശത്തെ ജോലി ഒഴിവാക്കി നാട്ടിൽ വന്നെന്നും ഇപ്പോൾ ജോലിയോ വരുമാനമോ ഇല്ല എന്നും ഹർജിക്കാരി റിസെപ്ഷനിസ്റ് ആയി ജോലി ചെയ്യുന്നുണ്ട് എന്നും പ്രതിമാസം 13,000/-രൂപ വരുമാനം ഉണ്ട് എന്നും കാണാൻ സാധിക്കും. പൂർണ്ണ ആരോഗ്യവാനും നിലവിൽ വിദേശത്ത് ഗൾഫിൽ ഹെവി വെഹിക്കിൾ ഡ്രൈവർ പ്രവർത്തിയെടുത്ത് വരുമാനം നേടുകയും

കൂടാതെ സ്വന്തമായി ആറ് ഏക്കറോളം ഭൂസ്വത്തുക്കളിൽ നിന്ന് പ്രതിമാസം വരുമാനം ലഭിക്കുകയും ചെയ്യുന്ന എതിർകക്ഷിക്ക് മാസംതോറും സ്വന്തമായി 50,000/- രൂപയിൽ അധികം വരുമാനം ഉള്ളതാണ് എന്ന് PW1 മൊഴി നൽകി. എതിർകക്ഷി ഇപ്പോൾ വിദേശത്താണ് എന്നും ഹെവി വെഹിക്കിൾ ഡ്രൈവർ ആണ് എന്നും മകൻ ഇപ്പോൾ പൂർണ്ണ ആരോഗ്യവാനാണ് എന്നും RW1 മൊഴി നൽകി.

26. ഹരജിക്കാരി നേത്രഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ റിസെപ്ഷനിസ്റ് ആയി ജോലി ചെയ്യുന്നുണ്ട് എന്നതും അതിൽ നിന്നും മാസം 13000/- രൂപ ശമ്പളം ലഭിക്കുന്നുണ്ട് എന്നതും തർക്കമില്ലാത്ത വസ്തുതയാണ്. എതിർകക്ഷിയുടെ പിതാവായ RW1, എതിർകക്ഷി പൂർണ്ണ ആരോഗ്യവാൻ ആണ് എന്നും വിദേശത്ത് ഹെവി വെഹിക്കിൾ ഡ്രൈവർ ആണ് എന്നും മൊഴി നൽകിയിട്ടുള്ളതാണ്. എന്നാൽ പിന്നീട് എതിർകക്ഷി ഹാജരാക്കിയ ആസ്തി ബാദ്ധ്യത സത്യവാങ്മൂലം പരിശോധിച്ചാൽ ടെന്നീസ് എൽബോ രോഗം പിടിപെട്ട് എതിർകക്ഷി വിദേശത്ത് ജോലി ഒഴിവാക്കി നാട്ടിൽ വന്ന് ചികിത്സ തേടുകയാണ് എന്ന് കാണാം. എന്നാൽ തൻറെ മകൻ പൂർണ്ണ ആരോഗ്യവാൻ ആണ് എന്നാണ് RW1 ന്റെ മൊഴി. ടെന്നീസ് എൽബോ രോഗം ബാധിച്ച് ജോലി ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണെന്ന് എതിർകക്ഷി വാദിക്കുന്നുണ്ടെങ്കിലും, പ്രസ്തുത അസുഖം കാരണം അദ്ദേഹത്തിന് ശാരീരികമായി അധ്വാനിക്കാനോ തൊഴിലെടുക്കാനോ സാധ്യമല്ലെന്ന് തെളിയിക്കുന്ന യാതൊരുവിധ വൈദ്യശാസ്ത്രപരമായ രേഖകളും കോടതി മുൻപാകെ ഹാജരാക്കാൻ എതിർകക്ഷിക്ക് സാധിച്ചിട്ടില്ല.

27. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ജയപ്രകാശ് **ഇ. പി. v. . ഷെനി പി. (2025 (1) KHC 587)** എന്ന കേസിലെ വിധിന്യായപ്രകാരം, ഒരു ഭാര്യയ്ക്ക് താൽക്കാലികമായോ അല്ലാതെയോ ഒരു ജോലിയോ വരുമാനമോ ഉണ്ടെന്നത് ക്രിമിനൽ നടപടിക്രമം 125-ാം വകുപ്പ് പ്രകാരം ഭർത്താവിൽ നിന്നും ചിലവിനായി തുക ആവശ്യപ്പെടുന്നതിൽ നിന്നും അവരെ പൂർണ്ണമായി തടയുന്നില്ല. തന്റെ വരുമാനം സ്വന്തം ജീവിതച്ചെലവുകൾക്കും അന്തസ്സോടെയുള്ള ജീവിതം നയിക്കുന്നതിനും പര്യാപ്തമല്ലെന്ന് ഭാര്യ കോടതിയിൽ ബോധ്യപ്പെടുത്തുകയാണെങ്കിൽ, ഭർത്താവിൽ നിന്നും ചിലവിന് ലഭിക്കാൻ അവർക്ക് അർഹതയുണ്ട്.

28. കേവലം വരുമാനം ഉണ്ടെന്നതിലുപരി, ഭർത്താവിനോടൊപ്പം കഴിഞ്ഞിരുന്ന അതേ ജീവിതസാഹചര്യം നിലനിർത്താൻ പ്രസ്തുത തുക

മതിയാകുമോ എന്നതാണ് കോടതി ഇവിടെ മുഖ്യമായും പരിശോധിക്കുന്നത്. പ്രസ്തുത വിധിന്യായത്തിലെ നിരീക്ഷണങ്ങൾ കൂടി കണക്കിലെടുത്താൽ, ഹരജിക്കാരി നേത്രഫൗണ്ടേഷനിൽ റിസെപ്ഷനിസ്റ്റായി ജോലി ചെയ്യുന്നതും അതിൽ നിന്നും മാസം 13,000/- രൂപ സ്ഥിരമായി ലഭിക്കുന്നതും കോടതി വിലയിരുത്തിയിട്ടുണ്ട്. ഹരജിക്കാരിക്ക് സ്വന്തമായി വരുമാനമുള്ളതിനാലും, ഭർത്താവിനോടൊപ്പം താമസിച്ചിരുന്ന കാലത്തെ ജീവിതനിലവാരം ഈ ശമ്പളത്തിലൂടെ നിലനിർത്താൻ സാധിക്കുമെന്ന് കാണുന്നതിനാലും, ഭാര്യയ്ക്ക് പ്രത്യേകം ചിലവിനായി തുക അനുവദിക്കേണ്ടതില്ലെന്ന് ഈ കോടതി കണ്ടെത്തിയിരിക്കുന്നു. എന്നാൽ, എതിർകക്ഷി തന്റെ ആരോഗ്യപ്രശ്നങ്ങൾ തെളിയിക്കുന്നതിൽ പരാജയപ്പെട്ട സാഹചര്യത്തിൽ, മക്കളെ സംരക്ഷിക്കാനും അവർക്ക് ചിലവിന് നൽകാനുമുള്ള തന്റെ നിയമപരവും ധാർമ്മികവുമായ ബാധ്യതയിൽ നിന്നും എതിർകക്ഷിക്ക് ഒഴിഞ്ഞുമാറാൻ സാധിക്കില്ല.

29. എന്നിരുന്നാലും ഹരജിക്കാരി മക്കൾക്ക് ജീവനാംശത്തിനു ആവശ്യപ്പെട്ട മുഴുവൻ തുകയും ഹരജിക്കാർക്ക് അനുവദിക്കേണ്ടതില്ല എന്ന് ഈ കോടതി കണ്ടെത്തുന്നു. മേൽ ഖണ്ഡികയിലെ കണ്ടെത്തലുകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലും കുട്ടികളുടെ പ്രായവും വിദ്യാഭ്യാസപരവും ആയ മറ്റു ആവശ്യങ്ങളും പരിഗണിച്ചും ഹർജിയിൽ നിന്നും കോടതി മുൻപാകെ സമർപ്പിച്ച തെളിവുകളുടെയും അടിസ്ഥാനത്തിൽ രണ്ടും മൂന്നും ഹരജിക്കാരായ മക്കൾക്ക് പ്രതിമാസം 5000/- (അയ്യായിരം) രൂപ വീതം ലഭിക്കാൻ അർഹതയുണ്ടെന്ന് ഈ കോടതി കണ്ടെത്തിയിരിക്കുന്നു. ഇതുപ്രകാരം ഈ പോയിന്റ് ഹരജിക്കാരിക്ക് അനുകൂലമായി ഭാഗികമായി വിധിച്ചിരിക്കുന്നു.

**30. പരിഗണനാ വിഷയം 10** : ഹരജിക്കാരിയുടെ എതിർകക്ഷിയോടൊപ്പം ഉള്ള ജീവിതം ദുസ്സഹമായതിനാലും അനുഭവിക്കേണ്ടി വന്ന ശാരീരിക മാനസിക പീഡനങ്ങൾക്ക് നഷ്ടപരിഹാരമായി 10,00,000/- (പത്ത് ലക്ഷം) രൂപ ഹരജിക്കാരി എതിർകക്ഷിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഹരജിക്കാരിയുടെ തെളിവ് സത്യവാങ്മൂലത്തിൽ പറയുന്ന മൊഴി പ്രകാരം എതിർകക്ഷിയിൽ നിന്ന് ശാരീരികമായും മാനസികമായും സാമ്പത്തികമായും പീഡനങ്ങൾ ഹരജിക്കാരി അനുഭവിച്ചിട്ടുണ്ട് എന്ന് കണ്ടെത്തിയിരുന്നതാണ്. Ext. P5 രേഖ പ്രകാരം എതിർകക്ഷിക്ക് എതിരെ എഫ് ഐ ആർ രജിസ്റ്റർ ചെയ്തതായി കാണാം. ശാരീരിക ഉപദ്രവങ്ങൾ സംബന്ധിച്ച കൃത്യമായ ചികിത്സാ രേഖകൾ ഹാജരാക്കാൻ സാധിച്ചിട്ടില്ല എന്നത് ഒരു കുറവായി കാണാമെങ്കിലും, ഗാർഹിക പീഡനമെന്നത് കേവലം ശാരീരിക മുറിവുകളിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും

ദീർഘകാലമായുള്ള മാനസിക പീഡനവും സാമ്പത്തികമായ ചൂഷണവും ഇതിൽ ഉൾപ്പെടുന്നുവെന്നും കോടതി വിലയിരുത്തുന്നു. ആയതിനാൽ ആരോപണങ്ങളുടെ സ്വഭാവം, വിവാഹ ബന്ധത്തിന്റെ കാലയളവ് മറ്റു അനുബന്ധ സാഹചര്യങ്ങൾ എന്നിവ വേണ്ടത്ര പരിഗണിച്ച സാഹചര്യത്തിൽ ഹരജിക്കാരിക്ക് എതിർകക്ഷിയിൽ നിന്ന് മതിയായ ഒരു തുക നഷ്ടപരിഹാരമായി അനുവദിക്കേണ്ടതാണെന്ന് ഈ കോടതി വിലയിരുത്തുന്നു. ആകയാൽ ഹരജിക്കാരിക്ക് നഷ്ടപരിഹാരമായി 50,000/- (അമ്പത്തിനായിരം) രൂപ മതിയായ നഷ്ടപരിഹാരമായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു. ഇപ്രകാരം ഈ വിഷയം ഹരജിക്കാരിക്ക് അനുകൂലമായി വിധിച്ചിരിക്കുന്നു.

31. മേൽ ചർച്ച ചെയ്ത പരിഗണനാ വിഷയങ്ങളുടെ വെളിച്ചത്തിൽ ഹർജി താഴെ പറയും പ്രകാരം ഭാഗികമായി അനുവദിക്കുന്നു.

1. ഹർജിക്കാരിയെയോ കുട്ടികളെയോ നേരിട്ടോ,വാക്കോലോ, ലിഖിതമായോ ഉപദ്രവിക്കുകയോ, പരിക്കേല്പിക്കുകയോ, ശാരീരികമായോ, മാനസികമായോ,വൈകാരികമായോ,പീഡിപ്പിക്കുകയോ ചെയ്ത്പോകരുത് എന്നും ഹർജിക്കാരെ അവർ ഇപ്പോൾ താമസിക്കുന്ന KP XX/76 നമ്പർ വീട്ടിൽ എതിർകക്ഷി പ്രവേശിക്കുന്നത് തടഞ്ഞുകൊണ്ടും കുട്ടികളെ ഒന്നാം ഹർജിക്കാരിയുടെ കസ്റ്റഡിയിൽ നിന്ന് ബലമായി എടുത്തുകൊണ്ടു പോകുന്നതിൽ നിന്നും അപായപ്പെടുത്തുന്നതിൽ നിന്നും നിന്നും എതിർകക്ഷിയെ വകുപ്പ് 18(a) പ്രകാരം കല്പിച്ചു നിരോധിച്ചു ഉത്തരവ് ആകുന്നു.
2. ഹർജിക്കാരി ജോലിചെയ്യുന്ന നേത്ര ഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ ചെന്ന് എതിർകക്ഷി ഹർജിക്കാരിയെ മാനസികമായോ, ശാരീരികമായോ, പീഡിപ്പിക്കുകയോ, അസഭ്യം പറയുകയോ, ഭീഷണിപ്പെടുത്തുകയോ, ചെയ്യുന്നതിൽ നിന്നും എതിർകക്ഷിയെ വകുപ്പ് 18(a) പ്രകാരം കല്പിച്ചു നിരോധിച്ചു ഉത്തരവ് ആകുന്നു.
3. ഹർജിക്കാരിക്ക് സംരക്ഷണം നല്കുന്ന ഹർജിക്കാരിയുടെ മാതാപിതാക്കളെയും ബന്ധുക്കളെയും ഭീഷണിപ്പെടുത്തുന്നതിൽ നിന്നും ഉപദ്രവിക്കുന്നതിൽ നിന്നും എതിർകക്ഷിയെ വകുപ്പ് 18(f), പ്രകാരം കല്പിച്ചു നിരോധിച്ചു ഉത്തരവ് ആകുന്നു.
4. ഹർജി സമർപ്പിച്ച തീയ്യതി മുതൽ ഇടക്കാല സംരക്ഷണചിലവിലേക്കായി 2 ഉം 3 ഉം ഹർജിക്കാർക്ക് പ്രതിമാസം 5000/- (അയ്യായിരം രൂപ) വീതം ആകെ 10,000/- (പതിനായിരം) രൂപ നൽകുവാൻ എതിർകക്ഷിയോട്

വകുപ്പ് 20(d) പ്രകാരം കൽപ്പിച്ച് ഉത്തരവായിരിക്കുന്നു. മൈനറായ കുട്ടികൾക്ക് അവകാശപ്പെട്ട സംരക്ഷണ ചെലവ് സംഖ്യ കൈപറ്റുവാൻ ഹരജിക്കാരിയെ അനുവദിച്ചും ഉത്തരവായിരിക്കുന്നു.

5. ഗാർഹിക പീഡനങ്ങൾക്ക് വിധേയയായ ഹർജിക്കാരിക്ക് 50,000/- (അൻ പതിനായിരം) രൂപ നഷ്ടപരിഹാരമായി നല്കാൻ എതിർകക്ഷിയോട് വകുപ്പ് 22 പ്രകാരം കല്പിച്ച് ഉത്തരവാകുന്നു.
6. ഈ ഉത്തരവിന്റെ പകർപ്പ് കോടഞ്ചേരി SHO യ്ക്ക് നൽകുവാനും ഉത്തരവായിരിക്കുന്നു.

(ഈ ഉത്തരവിനെതിരെ ഉത്തരവ് തീയ്യതി മുതൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട കോഴിക്കോട് സെഷൻസ് കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.)

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 മെയ് മാസം 2 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി.

**<u>അനുബന്ധം</u>**

<u>ഹർജിഭാഗം വിസ്തരിച്ച സാക്ഷികൾ</u>

PW1 : മഞ്ജു മരിയ ഡേവിഡ്, D/o.ഡേവിഡ്

<u>ഹരജിഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ :</u>

P1 : ഒന്നാം ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും വിവാഹ സർട്ടിഫിക്കറ്റിൻെറ ഫോട്ടോ കോപ്പി 24.05.2025 തീയ്യതി PW1 മുഖേന സാക്ഷ്യപ്പെടുത്തിയത്.

P2 : മൈജുവൽ എന്ന മൈനറായ മകളുടെ ജനനസർട്ടിഫിക്കറ്റിൻെറ ഫോട്ടോകോപ്പി 24.05.2025 തീയ്യതി PW1 മുഖേന സാക്ഷ്യപ്പെടുത്തിയത്.

P3 : മിഗ്വേൽ എന്ന മൈനറായ മകൻെറ ജനനസർട്ടിഫിക്കററിൻെറ ഫോട്ടോകോപ്പി 24.05.2025 തീയ്യതി PW1 മുഖേന സാക്ഷ്യപ്പെടുത്തിയത്.

P4 : ഹർജിക്കാരി നല്കിയ പരാതിയിൽ എതിർകക്ഷിക്കെതിരെ കോടഞ്ചേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 108/2022 ആയി രജിസ്റ്റർ ചെയ്ത FIR ൻെറയും FIS ൻെറയും സർട്ടിഫൈഡ് കോപ്പി 24.05.2025 തീയ്യതി PW1 മുഖേന സാക്ഷ്യപ്പെടുത്തിയത്.

P5 : ഒന്നാം ഹർജിക്കാരിയുടെ വിവാഹ സമയത്ത് എടുത്ത് ആഭരണങ്ങൾ ധരിച്ചുള്ള ഫോട്ടോകൾ (2 എണ്ണം) സി.ഡി സഹിതം 24.05.2025 തീയ്യതി PW1 മുഖേന സാക്ഷ്യപ്പെടുത്തിയത്.

P6 : നേത്ര ഫൗണ്ടേഷനിൽ നിന്നും നല്കിയ ഹർജിക്കാരിയുടെ സാലറി സർട്ടിഫിക്കറ്റ് 24.05.2025 തീയ്യതി PW1 മുഖേന സാക്ഷ്യപ്പെടുത്തിയത്.

എതിർകക്ഷിഭാഗം വിസ്തരിച്ച സാക്ഷികൾ :

RW1 : കുര്യൻ കെ.ജെ

എതിർകക്ഷിഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ:

D1 : പവർ ഓഫ് അറ്റോണിയുടെ സർട്ടിഫൈഡ് കോപ്പി 05.07.2025 തിയ്യതി RW1 മുഖേന സാക്ഷ്യപ്പെടുത്തിയത്.

ന്യായാധികാരി

കൊടുവള്ളി, താമരശ്ശേരി